HLM-0057

The Heavenly Light Ministry

ശുദ്ധർ സ്തുതിക്കും വീടെ ! ദൈവമക്കൾക്കുള്ളാശ്രയമേ !
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നീടുമോ ?

വാനവരിൻ സ്തുതിനാദം
സദാ മുഴങ്ങും ശാലേമിൽ (2)
എന്നു ഞാൻ ചേർന്നീടുമോ  പരസുതനെ (3)
എന്നു ഞാൻ ചേർന്നീടുമോ ?

മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗേപുരമേ !
തവമഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചീടുന്നേ ... വാന

അന്ധതയില്ലാ നാടെ !
ദൈവതേജസ്സാൽ മിന്നും വീടെ !
തവ വിളക്കാം ദൈവത്തിൻ
കുഞ്ഞാടിനെ അളവെന്യേ
പാടി സ്തുതിച്ചീടും ഞാൻ ... വാന

കഷ്ടതയില്ലാ നാടെ ! ദൈവഭക്തരിൻ വിശ്രമാമേ !
പുകൾ പെരുകും പുത്തനെരുശലേമേ !
തിരുമാർവ്വിൽ എന്നും ഞാൻ ചാരിടുമോ ? ... വാന

ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൻ
ഇരുകരയും ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ ! ... വാന

കർത്തൃസിംഹാസനത്തിൻ ചുററും വീണകൾ മീട്ടിടുന്ന
സുരവരരെ ചേർന്നങ്ങു പാടീടുവാൻ
ഉരുമോദം പാരം വളരുന്നഹോ ... വാന